# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1265 31.10.2019 ൽ മറുപടിക്ക്**

**സർക്കാർ സ്ഥാപനങ്ങൾ വൃത്തിയിലും അടുക്കും ചിട്ടയിലും സൂക്ഷിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, വിവിധ ഡയറക്ടറേറ്റുകൾ തുടങ്ങിയവയുടെ പരിസരങ്ങളിലും ഇടനാഴികളിലും കോടിക്കണക്കിന് രൂപ വിലപിടിപ്പുള്ള ഫർണ്ണിച്ചറുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | മേൽ സൂചിപ്പിച്ച വസ്തുക്കളിൽ അറ്റകുറ്റപ്പണി തീർത്ത് പുനരുപയോഗത്തിനുള്ളവ കണ്ടെത്തുന്നതിനും അല്ലാത്തവ ലേലം ചെയ്ത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) | പ്രസ്തുത വസ്തുക്കൾ സംബന്ധിച്ച് അറ്റകുറ്റപ്പണികൾ അതാത് വകുപ്പോ ഹൗസ് കീപ്പിംഗ് വിഭാഗമോ പുനരുപയോഗത്തിന് ഉള്ളവ കണ്ടെത്തുകയും അല്ലാത്തവ അതാതു വകുപ്പ് മേധാവികൾ ആവശ്യപ്പെടുന്നതനുസരിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയും അതാത് വകുപ്പ് മേധാവികൾ ലേലം ചെയ്ത് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. |
| സി) | മേൽ സൂചിപ്പിച്ച വസ്തുക്കളിൽ ഉൾപ്പെട്ട ഇ-വേസ്റ്റുകൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | സി) | ഇ-വേസ്റ്റുകൾ സംബന്ധിച്ച് പുനരുപയോഗത്തിനുള്ളവ കണ്ടെത്തുകയും അല്ലാത്തവ അതാത് വകുപ്പ് മേധാവികൾ നിർദ്ദേശിക്കുന്നതനുസരിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ഡി) | ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ കൂടുതൽ വൃത്തിയിലും അടുക്കും ചിട്ടയിലും സൂക്ഷിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുമോ? | ഡി) | ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിലുള്ള പെയിന്റിംഗ്, പ്ലംബിങ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ